		ഗുണഭോക്താക്കൾ	ചെലവാക്കിയ സംഖ്യ (ലക്ഷം)
1.	കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ	434	53.39
2.	വിദേശത്തു തൊഴിൽ സമ്പാദിക്കുന്നതിനുള്ള വായ്പ	134	13.39
3.	മാർജിൻമണി പദ്ധതി പ്രകാരം സ്വയം തൊഴിലിനുള്ള വായ്പ	208	95.39
4.	സഹകർണ സംഘങ്ങൾക്കുള്ള വായ്പ്	3	8.01
5.	ഭവന നിർമ്മാണത്തിനുള്ള വായ്പ	10,422	150.55
	ആകെ	16,201	326.53

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷന്റെ വീടു നിർമ്മിക്കാനുള്ള ലോൺ

347. [531] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷൻ വഴി ഹരിജനങ്ങൾക്ക് വീട് നിർമ്മിക്കുവാൻ ഇപ്പോൾ നൽകുന്ന ലോൺ തുക 10,000 രൂപയായി ഉയർത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നു മുതൽ പ്രാബല്യത്തിൽ വരും ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വീട വയ്ക്കുന്നതിന് ഹരിജന വികസനകോർപ്പറേഷന്റെ ധനസഹായം

348. [532] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മിഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1985-86-ൽ ഹരിജൻ വികസന കോർപ്പറേഷൻ വഴി എത്ര പേർക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകി ;

(ബി) ഇതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിന് 434 പേർക്ക് വീട് വയ്ക്കുന്നതിന് 10422 പേർക്ക് ധനസഹായം നൽകി.

(ബി) വിവരം ശേഖരിച്ചു വരുന്നു.

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly